(ബി) ഉണ്ട്.

(സി) ബഡ്ജറ്റിൽ വകയിരുത്തുന്ന തുകയ്ക്കനുസൃതമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി ഈ വിഭാഗക്കാരുടെ ഉന്നമനത്തിനായി പ്രയോജനപ്പെടുത്തുന്ന രീതി ഇപ്പോൾത്തന്നെ സ്വീകരിച്ചുവരുന്നുണ്ട്.

പട്ടികവിഭാഗത്തിന്റെ സാമ്പത്തികപുരോഗതിക്കായി കേന്ദ്രസഹായം

4 [2984] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രത്യേക ഘടകപദ്ധതിക്കായുള്ള പ്രത്യേക കേന്ദ്രസഹായം (പദ്ധതിയിനം) ഉപയോഗിച്ച് പട്ടിക വിഭാഗത്തിന്റെ സാമ്പത്തിക പുരോഗതിക്കായി പ്രത്യേകിച്ചും ഉല്പാദന തൊഴിൽ മേഖലകളിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി 2001-2002, 2002-2003, 2003-2004, 2004-2005 എന്നീ വർഷങ്ങളിൽ കേന്ദ്രസഹായമായി അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രവീതമെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര സഹായം അവസാനമായി ലഭിച്ച വർഷവും ഈ തുക ചെലവഴിക്കുവാൻ കേന്ദ്രം അനുവദിച്ച സമയപരിധിയും വ്യക്തമാക്കാമോ;

(സി) സമയപരിധിക്കുള്ളിൽ തുക ചെലവഴിക്കാതെ ലാപ്സായ തുക എത്രയെന്ന് ചുണ്ടിക്കാണിക്കാമോ;

(ഡി) കേന്ദ്ര വിഹിതമായി ലഭിച്ച തുക യഥാസമയം ചെലവഴിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) 2003-2004, 2004-2005 എന്നീ വർഷങ്ങളിൽ സംസ്ഥാന ബഡ്ജറ്റിൽ ഇതേ ആവശ്യത്തിനായി നീക്കിവച്ച തുക എത്രയാണെന്നും ഓരോ വർഷവും ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത തുക ചെലവഴിച്ചിട്ടില്ലെങ്കിൽ നടപ്പുസാമ്പത്തികവർഷത്തെ ബഡ്ജറ്റിലെ തുക പൂർണമായി ചെലവഴിക്കുന്നതിന് ഏതൊക്കെ പദ്ധതികൾ പ്രാവർത്തികമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)

വർഷം	*കേന്ദ്ര സഹായം ലഭിച്ചത്*	*ചെലവ് (ലക്ഷത്തിൽ)*
2001–2002	533.44	129.50
2002–2003	ഇല്ല	*1189.16
2003–2004	ഇല്ല	149.38
2004–2005	ഇല്ല	7.31

*2002–2003 വർഷം മുതൽ കേന്ദ്ര സഹായം ലഭിച്ചിട്ടില്ലായെങ്കിലും മുൻ വർഷങ്ങളിൽ ചെലവഴിക്കാതെ മിച്ചംവന്നിട്ടുള്ള തുകയിൽനിന്നുമാണ് ടി വർഷങ്ങളിൽ പട്ടികജാതി വികസന വകുപ്പിൽ ചെലവ് വന്നിട്ടുള്ളത്. കളക്ടർമാരിൽനിന്നും പ്ലാനിംഗ് വകുപ്പിൽനിന്നും മറ്റുള്ളവരിൽനിന്നും വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) & (സി) 2001–2002–ലാണ് അവസാനമായി കേന്ദ്ര സഹായം ലഭിച്ചത്. അനുവദിക്കുന്ന തുക അതാത് വർഷം ചെലവഴിക്കണം എന്നാണെങ്കിലും ചെലവഴിക്കുവാൻ സാധിക്കാതെവരുന്ന തുക ക്യാരിഓവർ ചെയ്യുന്നതിനാൽ ലാപ്സാകുന്നില്ല.

(ഡി) 2002–2003 വർഷം പ്രത്യേക ഘടകപദ്ധതിക്കായുള്ള പ്രത്യേക കേന്ദ്രസഹായ തുക ഉപയോഗിച്ച് നടപ്പിലാക്കിയ ചില പദ്ധതികളിൽ ചില സാങ്കേതിക തടസ്സങ്ങൾ ഉണ്ടായതിനാൽ തുടർവർഷങ്ങളിൽ തുക പൂർണ്ണമായി ചെലവഴിക്കുവാൻ സാധിച്ചിട്ടില്ല.

(ഇ) സംസ്ഥാന ബഡ്ജറ്റിൽ 2003–2004 വർഷത്തിലും 2004–2005 വർഷത്തിലും 1500 ലക്ഷം രൂപ വീതം നീക്കിവച്ചിട്ടുണ്ട്. അതിൽനിന്നും പട്ടികജാതി വികസന വകുപ്പ് 2003–2004–ൽ 149.38 ലക്ഷം രൂപയും, 2004–2005–ൽ 7.31 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. കളക്ടർമാർ, പ്ലാനിംഗ് വകുപ്പ്, മറ്റുള്ളവർ ചെലവഴിച്ച തുക സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(എഫ്) പ്രത്യേക ഘടകപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായ തുകയിൽ മിച്ചമുള്ള തുക ചെലവഴിക്കാനുള്ള സത്വര നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly